**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1752** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഏൺ ബൈ ലേൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പഠനത്തിനൊപ്പം വരുമാനം കൂടി ഉറപ്പാക്കാൻ സാധിക്കും വിധം ഏൺ ബൈ ലേൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2025-26 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 52 സർക്കാർ കോളേജുകളിൽ വിവിധ Earn While You Learn (EWYL) പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള മൂലധനമായി 99,46,172/- ( തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി നാല്പത്തി ആറായിരത്തി നൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി സർക്കാർ നൽകിയ സഹായങ്ങൾ വിശദമാക്കാമോ; | (ബി) | ഉണ്ട്. 2025-26 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 52 സർക്കാർ കോളേജുകളിൽ വിവിധ Earn While You Learn (EWYL) പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള മൂലധനമായി 99,46,172/- ( തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി നാല്പത്തി ആറായിരത്തി നൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | തെരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ചതും ആവശ്യമായ കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റിയോടുകൂടിയതുമായ ടെക്നോളജി ഇൻ ക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br>തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റു |

| | | | |
|---|---|---|---|
| | | | പോളിടെക്നിക്കുകളിലും അനുയോജ്യമായ നവീന സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു<br><br>കണക്ട് കരിയർ ടു ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി ഏകദേശം അഞ്ഞൂറോളം ടെക്നോ ബിസിനസ് ഇൻക്യുബേറ്ററുകൾ വിവിധ കോളേജുകളിൽ പ്രവർത്തിക്കുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ ഇവയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു. വിവിധ സർവ്വകലാശാലകളിലും ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ